# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ എറണാകുളം ജില്ല

പ്രവചന കാലയളവ് 23.7.2022 മുതൽ 27.7.2022 വരെ

കേരള കാർഷിക സർവ്വകലാശാല
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കരയും
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ.എം.എസ് ബുള്ളറ്റിൻ നമ്പർ 29/2022,(58) വെള്ളിയാഴ്ച | തീയ്യതി: 22/7/2022 |
|---|---|

## 1. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 23.07.2022 | 24.07.2022 | 25.07.2022 | 26.07.2022 | 27.07.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 11 | 8 | 6 | 4 | 6 |
| ഉയർന്ന താപനില (°C) | 29 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 94 | 94 | 94 | 94 | 94 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 8 | 6 | 5 | 4 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 340 | 340 | 340 | 340 |
| മേഘവ്യാപ്തി (ഒക്ടS) | 8 | 8 | 8 | 6 | 8 |

| അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം | | | | |
|---|---|---|---|---|
| 2022 ജൂലൈ 23 | 2022 ജൂലൈ 24 | 2022 ജൂലൈ 25 | 2022 ജൂലൈ 26 | 2022 ജൂലൈ 27 |
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 2: വിള പരിപാലനത്തിനുള്ള കാർഷിക നിർദ്ദേശങ്ങൾ (RRS Vyttila)

3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ:** മഴക്കാലത്ത് കാർഷിക വിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | ആമ, ഏലി, നെല്ലിക്കോഴി എന്നിവയുടെ ആക്രമണത്തിനെതിരെയുള്ള തയ്യാറെടുപ്പുകൾ സ്വീകരിക്കാവുന്നതാണ്. |
| നെല്ല് (വിരിപ്പ്) | ഞാറു പരുവം | നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിന്റെ സമ്പൂർണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കാവുന്നതാണ്. മഴയില്ലാത്ത സമയത്തു മാത്രം വളപ്രയോഗം നടത്തുക. |
| വിവിധ വിളകളിൽ | വലിയ ആഫ്രിക്കൻ ഒച്ച് | വീര്യംകുറഞ്ഞ തുരിശ് ലായനി (3 ഗ്രാം/ ലി.) / കോപ്പർ ഓക്സിക്ലോറൈഡ് (3 ഗ്രാം/ ലി.) / പുകയിലകഷായവും തുരിശും ചേർന്ന മിശ്രിതം തളിച്ച്കൊടുക്കാം. വിളകൾക്ക്ചു ചുറ്റും കുറഞ്ഞ എണ്ണം ഒച്ചുകൾ മാത്രമേ ഉള്ളു എങ്കിൽ ബ്ലീച്ചിങ്പൌഡർ / തുരിശ് കട ക്കു ചുറ്റും ഇട്ടു കൊടുക്കാം. പപ്പായ ഇലകൾ / കാബ്ബജ് ഇലകൾ എന്നിവ നനഞ്ഞ ചണച്ചാക്കു കൊണ്ട്മൂടി (കെണി) ഒച്ചുകളെ ആകർഷിച്ച് പിറ്റേന്ന് രാവിലെ ഉപ്പുവെള്ളം ഉപയോഗിച്ച്കെണിയിലായ ഒച്ചുകളെ നശിപ്പിക്കാവുന്നതാണ്. മരങ്ങളുടെ കടഭാഗത്തെ കേടായതൊലി നീക്കിയശേഷം കാർബോസൾഫാൻ 0.25 % / 10 % ബോർഡോകുഴമ്പ്തേച്ചുകൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ വെള്ളരിവർഗ്ഗ വിളകൾ | മൃദുരോമ പൂപ്പൽ | 2.5 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ കൂടി വീഴുന്ന വിധം തളിക്കുക. |
| മത്സ്യകൃഷി | | മത്സ്യ കുളങ്ങളിൽ ഹാപ്പ അല്ലെങ്കിൽ നഴ്സറി കുളം നിർമിക്കാം. 2m x 1m x 1m വലിപ്പമുള്ള കൊതുകുവലയോ തുണികളോ കൊണ്ട് ഹാപ്പ നിർമ്മിക്കാവുന്നതാണ്. ഒരു ഹാപ്പയിൽ 1000 കുഞ്ഞുങ്ങൾ വരെ നിക്ഷേപിക്കാം. |